File No.BCDD.B1/9/2018-BCDD

8027
17/4/18

# കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് പുനഃരൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പ്

**സ.ഉ.(സാധാ) നം./44/2018/പി.വി.വി.വ** തീയതി,തിരുവനന്തപുരം, 11/04/2018

പരാമർശം:- 1. 24.12.2011 -ലെ സ.ഉ.(എം.എസ്) നം. 191/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
2. 28.04.2012 -ലെ സ.ഉ.(സാധാ)നം. 643/2012/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
3. 02.03.2015 -ലെ സ.ഉ.(സാധാ)നം. 13/2015/പി.സ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
4. 14.08.2017 -ലെ സ.ഉ.(സാധാ)നം. 86/2017/പി.വി.വി.വ നമ്പർ സർക്കാർ ഉത്തരവ്.
5. 06.11.2017 -ലെ സ.ഉ.(സാധാ)നം. 121/2017/പി.വി.വി.വ നമ്പർ സർക്കാർ ഉത്തരവ്.
6. 05.02.2018 -ലെ സ.ഉ.(സാധാ)നം. 10/2018/പി.വി.വി.വ നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) പ്രകാരം സംസ്ഥാനത്തെ മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൈമാറിയിരുന്നു.

പരാമർശം (3) പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രജിസ്റ്റർ ചെയ്യുന്ന ആവശ്യത്തിലേക്ക് ഡയറക്ടർ ബോർഡ് അംഗങ്ങളെ നിയമിച്ചുകൊണ്ടും ഷെയർ വിഹിതം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ ശ്രീ. എൻ. കെ. കുട്ടമണി, കൊമ്പത്ത് വളപ്പിൽ ഹൗസ്, രാമവർമ്മപുരം (പി.ഒ), തൃശ്ശൂർ - 680 631 -നെ ചെയർമാനും ഡയറക്ടർ ബോർഡ് അംഗവുമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (6) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറായ ശ്രീ. ദിവാകരൻ എം. എൻ -ന് അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഔദ്യോഗിക അംഗങ്ങളെ നിയമിച്ച് കൊണ്ട് ഡയറക്ടർ ബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ തുടർച്ചയായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, വ്യവസായ വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഔദ്യോഗിക അംഗങ്ങളായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ച് കൊണ്ട് ഡയറക്ടർ ബോർഡ് പുനഃരൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ.വേണു.വി ഐ.എ.എസ്
   പ്രിൻസിപ്പൽ സെക്രട്ടറി, പിന്നോക്ക വിഭാഗ വികസന വകുപ്പ്
2. ശ്രീ.സുരേഷ് കുമാർ.വി.എൻ
   ജോയിന്റ് സെക്രട്ടറി, പിന്നോക്ക വിഭാഗ വികസന വകുപ്പ്
3. ശ്രീ. ദിവാകരൻ.എം.എൻ
   ഡയറക്ടർ, പിന്നോക്ക വിഭാഗ വികസന വകുപ്പ്
4. ശ്രീ.ജി.സുഗതകുമാർ
   അണ്ടർ സെക്രട്ടറി, പിന്നോക്ക വിഭാഗ വികസന വകുപ്പ്

5. ശ്രീ. കെ. സുദർശനൻ
   സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
6. ശ്രീ.കെ. സുനിൽ കുമാർ
   ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
7. ശ്രീമതി. മഞ്ജുഷ. എൽ
   അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.പി.എൻ**
**ജോയിൻറ് സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ചെയർമാൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.